**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/08/2026

1) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷക ദിനാഘോഷവും അവാർഡ് വിതരണവും ഇന്ന് ചിങ്ങം 1 – ആഗസ്റ്റ് 17 രാവിലെ 9.30 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കുന്നതാണ്. മത്സ്യ ബന്ധന സാമൂഹിക നീതി വകുപ്പ് മന്ത്രി അബ്ദുൾ ഗഫൂർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്. MP മാർ, MLA മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡിന്റ്, കോർപ്പറേഷൻ മേയർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്നു. 2025

വർഷത്തെ കാർഷിക മേഖലയിലെ സമഗ്ര സംഭാവനയ്ക്കുള്ള 'ശ്രീ ഉമ്മൻ ചാണ്ടി സ്മാരക സമഗ്ര സംഭാവന പുരസ്കാരം' ആദ്യമായി സമ്മാനിക്കുന്നതും, "മട്ടുപ്പാവ് കൃഷി ചെയ്യുന്ന മികച്ച കർഷകൻ', 'ഉദ്യാന ശ്രേഷ്ഠ' എന്നീ 3 പുതിയ അവാർഡുകളും ഉൾപ്പെടെ 38 വിഭാഗങ്ങളിലായി സംസ്ഥാന കർഷക അവാർഡുകൾ വിതരണം ചെയ്യുന്നതും ഈ വർഷത്തെ കർഷക ദിനാഘോഷത്തിന്റെ പ്രത്യേകതകളാണ്.

2) ലോക പശുദിനത്തോടനുബന്ധിച്ച് **പണം ചുരത്തും പശു** എന്ന **വിഷയത്തിൽ പശുവളർത്തൽ സംരംഭകരുടെ സംഗമവും സെമിനാറും** 2026 സെപ്റ്റംബർ 1 ന് ചൊവ്വാഴ്ച തെക്കിബസാറിലുള്ള മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. സെമിനാറിൽ കർഷകർക്ക് കണ്ണൂർ ജില്ലാ മൃഗസംരക്ഷണ ഓഫീസറുമായി സംവദിക്കുന്നതിനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വ്യവസായ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, കുടുംബശ്രീ, കന്നുകാലി വികസന ബോർഡ്, കേരള ഫീഡ്സ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ബാങ്ക് എന്നിവയുടെ പ്രതിനിധി കൾ അവരവർ മുഖേന നടത്തുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. ആദ്യം വിളിക്കുന്ന 100

പേർക്കായിരിക്കും പ്രവേശനം. പങ്കെടുക്കാനാഗ്രഹിക്കുന്ന കർഷകർക്കും സംരംഭകർക്കും 2026 ആഗസ്റ്റ് 24-ന് വൈകുന്നേരം 04.00 മണിക്ക് മുമ്പ് 0497-2763473 എന്ന നമ്പറിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

3) 2026 കർഷക ദിനത്തോടനുബന്ധിച്ച് കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷനും കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയും വനിത കർഷകർക്കായി **'സ്ത്രീ സൗഹൃദ കാർഷിക യന്ത്രങ്ങളുടെ ഒരു പ്രദർശനവും പരിചയപ്പെടുത്തലും'** എന്ന പരിപാടി കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് ആഗസ്റ്റ് 17,18,19 എന്നീ ദിവസങ്ങളിലായി സംഘടിപ്പിക്കുന്നു. ഈ ദിവസങ്ങളിൽ, രാവിലെ 10.30 മണി മുതൽ വൈകിട്ട് 4.30 മണി വരെ സ്ത്രീ സൗഹൃദ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും കാണുന്നതിനും പ്രവർത്തിപ്പിച്ചു നോക്കുന്നതിനും സൗകര്യം ഉണ്ടായിരിക്കും. ചെറിയ ടില്ലറുകൾ, പുൽവെട്ടിയന്ത്രങ്ങൾ, പ്രൂണറുകൾ, അടുക്കളത്തോട്ടത്തിനു ഉപയോഗിക്കാവുന്ന വിവിധ കാർഷിക ഉപകരണങ്ങൾ മുതലായ യന്ത്രങ്ങൾ ഇവിടെ പ്രദർശിപ്പിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 281200673 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4) 'വ്യാവസായിക അടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ' എന്ന വിഷയത്തിൽ ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് 2026 ആഗസ്റ്റ് 20, 21 തിയ്യതികളിൽ രാവിലെ 10 മണി മുതൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0494-2962296 എന്ന നമ്പരിൽ ബന്ധപ്പെടുക.

5) മിത്രനികേതന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 18 മുതൽ 20 വരെ വെള്ളനാട് മിത്രനികേതൻ കാമ്പസിൽ "മിത്ര അഗ്രിഫെസ്റ്റ് 2026" എന്ന പേരിൽ മൂന്ന് ദിവസത്തെ കാർഷിക പ്രദർശന - വിപണന മേള സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 18 ന് വൈകുന്നേരം 3.00 മണിക്ക് വെള്ളനാട് മിത്രനികേതൻ ക്യമ്പസിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ: ടി.സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിക്കും. കൃഷി, മൃഗസംരക്ഷണം, കാർഷിക സംരംഭകത്വം, നൂതന കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മാതൃകകളും സാധ്യതകളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വേദിയായിരിക്കും ഈ

അഗ്രിഫെസ്റ്റ്. താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ചുള്ള പരിശീലന ക്ലാസ്സുകൾ ആഗസ്റ്റ് 18, 19 ന് സംഘടിപ്പിക്കുന്നു.

1) സ്മാർട്ട്ഫോണിലെ എ. ഐ (നിർമ്മിത ബിദ്ധി) സംവിധാനങ്ങൾ കൃഷിക്ക് എങ്ങനെ പ്രയോജനപ്പെടുത്താം

2) തേനീച്ച വളർത്തലും തേനിന്റെ മൂല്യ വർദ്ധിത ഉത്പന്നങ്ങളും

3) മില്ലറ്റ്, ചക്ക വിഭവങ്ങൾ തയ്യാറാക്കൽ

4)ജൈവവള നിർമ്മാണം

5) കൂൺ കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും

6) ബേക്കറി ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ

7) പോട്ടറി പരീശിലനം / ക്ലേ മോഡലിങ്ങ്

കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

6) 2026-27 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന മത്സ്യ തൊഴിലാളികളുടെ ഭവന പുനരുദ്ധാരണ പദ്ധതിയ്ക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യത്തൊഴിലാളി ക്ഷേമനിധി

ബോർഡിൽ രജിസ്റ്റർ ചെയ്ത് (എഫ് ഐ എം എസ്) ഐഡന്റിഫിക്കേഷൻ നമ്പർ ലഭിച്ചിട്ടുള്ളതും ലൈഫ് ഭവന പദ്ധതി മുഖേനയോ, സർക്കാരിന്റെ മറ്റേതെങ്കിലും ഭവന പുനരുദ്ധാരണ/പുനർ നിർമ്മാണ പദ്ധതി മുഖേനയോ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ആനുകൂല്യം ലഭിക്കാത്തതുമായ മത്സ്യത്തൊഴിലാളികൾക്കും പെൻഷണർമാർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ് . വീടിന് കുറഞ്ഞത് എട്ട് വർഷത്തെ എങ്കിലും കാലപ്പഴക്കമുണ്ടാകണം. അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ആഗസ്റ്റ് 31 വൈകുന്നേരം അഞ്ച് മണിക്കകം മത്സ്യഭവനിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോമിനും കൂടുതൽ വിവരങ്ങൾക്കുമായി 0477-2251103 എന്ന ഫോൺ ബന്ധപ്പെടുക.

7) കേരള മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രം, 2026 ആഗസ്റ്റ് 20,21 തിയ്യതികളിലെ ആട് വളർത്തൽ പരിശീലന ക്ലാസിലെക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു . കൂടുതൽ വിവരങ്ങൾക്ക് 9388464383 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാം.

**<u>കാർഷിക നിർദ്ദേശങ്ങൾ</u>**

മഴക്കാലത്ത് ജാതി മരങ്ങൾക്ക് ഇലകൊഴിച്ചിൽ, വേരു ചീയൽ, തടിയിൽ നിന്നും കറയൊലിപ്പ് എന്നീ രോഗങ്ങൾ കണ്ടു വരുന്നു. കുമിൾ ബാധ മൂലമുണ്ടാകുന്ന ഈ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഇലകളിൽ ഒരു ശതമാനം ബോർഡോ മിശ്രിതം തളിക്കുക. കൂടാതെ ചെമ്പു കലർന്ന കുമിൾ നാശിനികളിൽ ഒന്ന് (കോപ്പർ ഹൈഡ്രോക്സൈഡ് 2 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 2.5 ഗ്രാം/ലിറ്റർ വെള്ളത്തിൽ) മരത്തിന് ചുറ്റും തടമെടുത്ത് മരം ഒന്നിന് 10 മുതൽ 20 ലിറ്റർ വരെ എന്ന തോതിൽ മണ്ണിൽ ഒഴിച്ചു കൊടുക്കുക. തായ്ത്തടിയിൽ കറയൊലിക്കുന്ന ഭാഗത്ത് ബോർഡൊ കുഴമ്പ് അല്ലെങ്കിൽ ഹെക്സാകോണാസോൾ 5 മി.ലി/ലിറ്റർ വെള്ളത്തിൽ എന്ന അളവിൽ പുരട്ടി മഴകൊള്ളാതെ സൂക്ഷിക്കുക. ബോർഡൊ കുഴമ്പ് തയ്യാറാക്കുന്നതിന് 100 ഗ്രാം നീറ്റുകക്കയും 100 ഗ്രാം തുരിശും ½ ലിറ്റർ വെള്ളത്തിൽ വെവ്വേറെ കലക്കി യോജിപ്പിച്ച് ഉപയോഗിക്കുക.